കേരള സർക്കാർ

നം.39286/ഡി.എ 3/09/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി:14.08.09

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പൊതുസഭ വിളിച്ചുചേർക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന വികലാംഗക്ഷേമോപദേശക സമിതി സമർപ്പിച്ച നിവേദനം

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 23.07.09ലെ 2.86 നമ്പർ തീരുമാനം.

2009-10 സാമ്പത്തിക വർഷം മുതൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വികലാംഗർക്ക് മാത്രമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ ബ്ലോക്ക്/ ജില്ലാ/ കോർപ്പറേഷൻ പ്രദേശങ്ങളിലും പഞ്ചായത്ത് സഭ (പൊതു മീറ്റിംഗ്) വിളിച്ചു ചേർക്കുവാൻ നടപടി എടുക്കണം എന്ന് സൂചന (1) പ്രകാരമുള്ള നിവേദനത്തിൽ അപേക്ഷിച്ചിരുന്നു. ഈ വിഷയം 23.07.09 ലെ കോ-ഓർഡിനേഷൻ സമിതി ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട സൂചന (2) തീരുമാന പ്രകാരം താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങളും ചർച്ച ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വർഷത്തിൽ ഒരിക്കൽ തദ്ദേശഭരണസ്ഥാപന പരിധിയിലെ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഓരോ വ്യക്തിയുടേയും കുടുംബത്തിൽ നിന്ന് ഒരാൾ എന്ന ക്രമത്തിൽ എല്ലാവരുടേയും പ്രതിനിധികൾ എന്നിവരെമാത്രം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ നിർബന്ധമായും വിളിച്ചു ചേർക്കണം. വാർഷിക പദ്ധതി

രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിന് മുമ്പാണ് ഇപ്രകാരം പൊതുസഭ വിളിച്ച് ചേർക്കേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
3. സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്.
10. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
11. എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർ (നഗരകാര്യം)
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
13. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
14. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ.
15. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം. - ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.
16. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ. ഐ.കെ.എം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
17. ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം.
19. അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് .ഇ) കേരള, തിരുവനന്തപുരം.
20. ചെയർമാൻ, സംസ്ഥാന വികലാംഗ ക്ഷേമോപദേശക സമിതി, മദർ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കാണിക്കാരി പി.ഒ, കോട്ടയം-686 632
21. സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി./ഡി.ഡി. വകുപ്പുകൾക്ക്.